## കേരള സർക്കാർ

### സംഗ്രഹം

സർക്കാർ ജീവനക്കാരുടെയും അധ്യാപകരുടെയും സ്ഥാനക്കയററം, സമയ ബന്ധിത ഹയർ ഗ്രേഡ്, അനുപാത/ശതമാന അടിസ്ഥാനത്തിലുള്ള പ്രൊമോഷൻ എന്നിവ മുഖാന്തരമുള്ള ശമ്പള സ്കെയിൽ വ്യത്യാസം, ജൂനിയർ സീനിയർ ശമ്പള വ്യത്യാസം തുടങ്ങിയ അപാകതകൾ ശമ്പള പരിഷ്കരണ ഉത്തരവുമായി ബന്ധപ്പെട്ട മറ്റ് വിഷയങ്ങൾ എന്നിവ പരിഗണനയ്ക്കായി സമർപ്പിക്കുന്നതിന് സമയ പരിധി നിശ്ചയിക്കുന്നത് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ധനകാര്യ (പേ റിവിഷൻ സെൽ - ബി) വകുപ്പ്**

**ജി.ഒ. (പി) നം. 145/2019/ധന** **തീയതി, തിരുവനന്തപുരം 31/10/2019.**

---

പരാമർശം:- 1. 06/10/1990 ലെ ജി.ഒ (പി) നം. 495/90/ധന

### ഉത്തരവ്

പരാമർശം (1) പ്രകാരം സർക്കാർ ജീവനക്കാരുടെയും അധ്യാപകരുടെയും ശമ്പള സ്കെയിൽ, ഗ്രേഡ് തുടങ്ങിയ അപാകതകൾ പരിഗണനയ്ക്കായി സമർപ്പിക്കുന്നതിന് സമയപരിധി നിശ്ചയിച്ച് കൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. എന്നാൽ നിലവിലുള്ള ശമ്പള പരിഷ്കരണത്തിന് മുൻപുള്ള, അതായത് രണ്ടു മൂന്നു ശമ്പള പരിഷ്കരണത്തിനു മുൻപുള്ള ധാരാളം അപേക്ഷകൾ ഇപ്പോഴും സർക്കാരിന് ലഭിക്കുന്നുണ്ട്. അപ്രകാരമുള്ള അപേക്ഷകളുടെ പ്രസക്തമായ വിവരങ്ങൾ ലഭ്യമാക്കി പരിശോധിക്കുന്നതിനും, കാലപ്പഴക്കം വന്ന സേവന പുസ്തകങ്ങൾ പരിശോധിക്കുന്നതിനും, ആയതിന്റെ ആധികാരികത ഉറപ്പു വരുത്തി തീരുമാനം എടുക്കുന്നതിനും വളരെയധികം ബുദ്ധിമുട്ട് നേരിടുന്നുണ്ട്. കാലാകാലങ്ങളിലെ ശമ്പള പരിഷ്കരണ ഉത്തരവുകൾ പുറപ്പെടുവിച്ച ശേഷം ടി ഉത്തരവുകളോടനുബന്ധിച്ചുള്ള അപാകതകൾ പരിഹരിക്കുന്നതിന് ധനകാര്യ വകുപ്പിൽ അനോമലി റെക്റ്റിഫിക്കേഷൻ സെൽ രൂപീകരിക്കുകയും പ്രസ്തുത ഉത്തരവിനോടനുബന്ധിച്ചുള്ള അപാകതകൾ പരിഹരിക്കാറുമുണ്ട്. പ്രസ്തുത അനോമലി റെക്റ്റിഫിക്കേഷൻ സെൽ രൂപീകരിച്ചതിനു ശേഷം ഒരു നിശ്ചിത കാലയളവിനുള്ളിൽ തന്നെ (ഏകദേശം രണ്ടു വർഷം) നിർത്തലാക്കാറുമുണ്ട്.

2. കേരള ഫിനാൻഷ്യൽ കോഡ് Vol 1 ആർട്ടിക്കിൾ 56 (b) പ്രകാരം ശമ്പളവും അലവൻസുകളും (5 വർഷം), മറ്റും അനുവദിക്കുന്നതിന് വിവിധ കാലയളവുകൾ നിശ്ചയിച്ചിട്ടുണ്ട്. പ്രസ്തുത കാലയളവുകൾക്കു ശേഷമുള്ളവ കാലഹരണപ്പെട്ട അവകാശങ്ങൾ ആയിട്ടാണ് കണക്കാക്കാറുള്ളത്. കൂടാതെ കോടതി മുഖേന വിവിധ അവകാശങ്ങൾ നേടിയെടുക്കുന്നതിനായി കേസ് ഫയൽ ചെയ്യുന്നതിനും സമയ പരിധി നിലവിലുണ്ട്. ആയതിനാൽ മേൽ വിഷയം സംബന്ധിച്ച അപാകതകൾ പരിഹരിക്കുന്നതിനുള്ള അപേക്ഷകൾ സർക്കാരിന് സമർപ്പിക്കുന്നതിനുള്ള സമയപരിധി നിശ്ചയിക്കേണ്ടത് അത്യന്താപേക്ഷിതമാണ്.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സർക്കാർ ജീവനക്കാരുടെയും അദ്ധ്യാപകരുടെയും റഗുലർ പ്രൊമോഷൻ, സമയ ബന്ധിത ഹയർ ഗ്രേഡ്, റേഷ്യോ പ്രൊമോഷൻ മുഖാന്തരമുള്ള ശമ്പള സ്കെയിൽ വ്യത്യാസം, ജൂനിയർ-സീനിയർ ശമ്പള വ്യത്യാസം, തുടങ്ങിയ അപാകതകൾ, ശമ്പള പരിഷ്കരണ ഉത്തരവുമായി ബന്ധപ്പെട്ട മറ്റു വിഷയങ്ങൾ എന്നിവ, കോടതി നിർദ്ദേശങ്ങൾ, ഓഡിറ്റ് തടസ്സവാദങ്ങൾ ഉള്ളവ ഒഴികെ, അർഹത വരുന്ന തീയതി മുതൽ അഞ്ചു വർഷം അല്ലെങ്കിൽ അടുത്ത ശമ്പള പരിഷ്കരണ ഉത്തരവ് നിലവിൽ വന്ന തീയതി മുതൽ 2 വർഷം വരെയുള്ളത് ഏതാണോ ആദ്യം വരുന്നത്, ആ കാലയളവിനുള്ളിലെ മാത്രമേ പരിഹരിക്കാനാകൂ എന്നും അല്ലാത്ത പക്ഷം പ്രസ്തുത അപാകതകൾ സ്വയമേവ കാലഹരണപ്പെട്ടതാകുമെന്നും ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം

**റ്റി. എസ്. മജീദ്**
**സ്പെഷ്യൽ സെക്രട്ടറി (ധനകാര്യം)**

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ജി&എസ്.എസ്.എ), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ഇ&ആർ.എസ്.എ), കേരള, തിരുവനന്തപുരം
അഡ്വക്കേറ്റ് ജനറൽ, കേരള, എറണാകുളം / തിരുവനന്തപുരം
എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറി, പ്രിൻസിപ്പൽ സെക്രട്ടറി, സെക്രട്ടറി,
അഡീഷണൽ സെക്രട്ടറി, ജോയിന്റ് സെക്രട്ടറി, ഡെപ്യൂട്ടി സെക്രട്ടറി,
അണ്ടർ സെക്രട്ടറിമാർ
ഗവർണറുടെ സെക്രട്ടറി
മുഖ്യമന്ത്രിയുടെയും മറ്റു മന്ത്രിമാരുടെയും പ്രൈവറ്റ് സെക്രട്ടറിമാർ
സ്പീക്കർ, ഡെപ്യൂട്ടി സ്പീക്കർ, പ്രതിപക്ഷ നേതാവ്, ഗവ. ചീഫ് വിപ്പ് എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർ
എല്ലാ വകുപ്പ് തലവൻമാർക്കും
സെക്രട്ടേറിയറ്റിലെ എല്ലാ വകുപ്പുകൾക്കും
സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം
ജില്ലാ ട്രഷറികൾ/സബ് ട്രഷറികൾ
ഡയറക്ടർ, ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ്
നോഡൽ ഓഫീസർ, www.finance.kerala.gov.in
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ